സി.എൽ.റ്റി(2)3035/2020

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 30.09.2020.

## സർക്കുലർ 68/2020

വിഷയം :- സഹകരണ വകുപ്പ് - പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ ആഡിറ്റ് - കുടിശ്ശിക വായ്പ, പലിശ എന്നിവയ്ക്ക് 2019-20 വർഷത്തെ ആഡിറ്റിൽ കരുതൽ വയ്ക്കുന്നത് - ഇളവു നൽകുന്നത് - സംബന്ധിച്ച്.

സൂചന :-

1. പ്രാഥമിക കർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റുമാർ, വിവിധ സംഘടനകൾ എന്നിവർ സമർപ്പിച്ച നിവേദനങ്ങൾ.
2. സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക് കൺകറന്റ് ആഡിറ്ററുടെ 05.08.2020 ലെ 10/2020/ആഡിറ്റ് നമ്പർ കത്ത്.
3. സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക് ജനറൽ മാനേജരുടെ 23.09.2020 ലെ R1 3700/FRM/2018-19 Vol.II നമ്പർ കത്ത്.
4. സഹകരണ ആഡിറ്റ് ഡയറക്ടറുടെ 03.09.2020ലെ എ.ഡി (2) 476/19 നമ്പർ കത്ത്.
5. സഹകരണ സംഘം രജിസ്ട്രാറുടെ 21.01.2016ലെ 2/2016 നമ്പർ സർക്കുലർ.

പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ നൽകുന്ന ദീർഘകാല കാർഷിക വായ്പകളുടെ കുടിശ്ശികയ്ക്ക് ആഡിറ്റിൽ കരുതൽ വയ്ക്കുന്നതിനെ സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾക്ക്, കേരളത്തിലുണ്ടായ പ്രളയക്കെടുതി കണക്കിലെടുത്തും ലോകമെമ്പാടുമുള്ള കോവിഡ്-19 മഹാമാരി പശ്ചാത്തലത്തിലും ഇളവുകൾ നൽകണമെന്നാവശ്യപ്പെട്ട് സൂചന (1) പ്രകാരം നിവേദനങ്ങൾ ലഭിച്ചിരുന്നു. ടി നിവേദനങ്ങളിൽ മേൽ സൂചന (2), (3), (4) എന്നിവ പ്രകാരം ലഭിച്ച റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായി. അതിൽ ആഡിറ്റ് ഡയറക്ടറുടെ സൂചന (4) പ്രകാരമുള്ള ശുപാർശകളുടെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം നിർദ്ദേശങ്ങൾ നൽകുന്നു.

പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ നൽകുന്ന ദീർഘകാല കാർഷിക വായ്പകളുടെ കുടിശ്ശികയ്ക്ക് 2019-20 വർഷത്തെ ആഡിറ്റിൽ കരുതൽ വയ്ക്കുമ്പോൾ 2019-20 വർഷത്തെ അവസാനത്തെ 3 മാസത്തെ കുടിശ്ശിക പലിശയെ കരുതലിൽ നിന്ന് ഒഴിവാക്കേണ്ടതാണ്. പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ ആഡിറ്റിൽ കരുതൽ വയ്ക്കുന്നതുമായി ബന്ധപ്പെട്ട നിലവിലെ മറ്റെല്ലാ വ്യവസ്ഥകളും ബാധകമായിരിക്കുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ നിലവിലുള്ള നബാർഡ്, ആർ.ബി.ഐ. വ്യവസ്ഥകൾക്കും ഇതുമായി ബന്ധപ്പെട്ട ബഹു. ഹൈക്കോടതി ഉത്തരവുകൾക്കും വിധിന്യായ നിർദ്ദേശങ്ങൾക്കും വിധേയമായിരിക്കും.

ഒപ്പ്/-
ഡോ.നരസിംഹഗരി.ടി.എൻ.റെഡ്ഡി ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് -

1. സഹകരണ ആഡിറ്റ് ഡയറക്ടർ,
ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2. മാനേജിംഗ് ഡയറക്ടർ,
കേരള സംസ്ഥാന സഹകരണ
കാർഷിക ഗ്രാമ വികസന ബാങ്ക്.
3. എല്ലാ സഹകരണ സംഘം
ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
4. എല്ലാ സഹകരണ സംഘം
ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
5. കേരള സംസ്ഥാന സഹകരണ
കാർഷിക ഗ്രാമ വികസന ബാങ്ക്
കൺകറന്റ് ആഡിറ്റർ/ജോയിന്റ് ഡയറക്ടർ.
6. എല്ലാ സർക്കിൾ അസിസ്റ്റന്റ് രജിസ്ട്രാർ/
അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
7. സെക്രട്ടറി, കൺകറന്റ് ആഡിറ്റർ,
എല്ലാ പ്രാഥമിക സഹകരണ കാർഷിക
ഗ്രാമ വികസന ബാങ്കുകൾ.
8. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
9. എല്ലാ അഡീഷണൽ രജിസ്ട്രാർമാരുടെയും മേശപ്പുറത്ത്.
10. സഹകരണവീഥി,സഹകരണ ജേർണൽ (പ്രസിദ്ധീകരണത്തിന്)
11. വെബ് സൈറ്റ് (പ്രസിദ്ധീകരണത്തിന്).
12. സ്റ്റോക്ക് ഫയൽ / സ്പെയർ.

//ആജ്ഞാനുസരണം//

**അസിസ്റ്റന്റ് രജിസ്ട്രാർ (സി.എൽ.റ്റി)**

ആർ.എൽ